ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക I-ഉം 2-ഉം, 3-1-2014-ലെ വിജ്ഞാപന പ്രകാരം കേന്ദ്രസർക്കാർ കാതലായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഇതുപ്രകാരം നിശ്ചയിക്കപ്പെട്ട ഗുണമേന്മയുള്ളതും സ്ഥായിയായിട്ടുള്ളതും ഉല്പാദനപരവുമായ വ്യക്തിഗത/സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്. അതോടൊപ്പം പ്രകടമല്ലാത്തതും അളന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമായ പ്രവൃത്തികളും പുല്ല് നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നത് പദ്ധതിയിൽ നിരോധിച്ചിട്ടുണ്ട്. ഒരു ജില്ലയിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ ഏറ്റവും കുറഞ്ഞത് 60 ശതമാനം തുക കാർഷിക/കാർഷിക അനുബന്ധ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് വിനിയോഗിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതികൾ ഏറ്റെടുക്കുമ്പോൾ തൊഴിലുറപ്പ് നിയമത്തിലെ ഖണ്ഡിക 5-ൽ പ്രതിപാദിച്ചിട്ടുള്ള ദുർബ്ബല ജനവിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.

ഇന്ദിര ആവാസ് യോജന

45 (3011) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന വഴി നിർമ്മാണ പദ്ധതിയുടെ വിശദാംശങ്ങളും 2014-15 വർഷത്തെ ആകെ ഗുണഭോക്താക്കളുടെ എണ്ണം ബ്ലോക്ക് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലേക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ വിഹിതം എത്ര ശതമാനം വീതമാണെന്ന് പറയാമോ ;

(സി) ഫണ്ട് വിഹിതം നൽകുന്നതിൽ സംസ്ഥാന സർക്കാർ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ എത്രകൊണ്ടാണെന്നും എത്ര കാലത്തെ കുടിശ്ശികയുണ്ടെന്നും വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന യൂണിറ്റ് കോസ്റ്റ് 70,000 രൂപയാണ്. ഇത് 75:25 അനുപാതത്തിൽ യഥാക്രമം കേന്ദ്ര-സംസ്ഥാന സർക്കാർ വകയിരുത്തുന്നു. കേരളത്തിൽ എസ്സി, ജനറൽ വിഭാഗങ്ങൾക്ക് യൂണിറ്റ് കോസ്റ്റ് 2 ലക്ഷമായും എസ്റ്റി. വിഭാഗത്തിന് 2.5 ലക്ഷമായും സംസ്ഥാന സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച നിരക്കിന് ആവശ്യമായ തുകയിൽ 50,000 രൂപ സംസ്ഥാന സർക്കാർ ഓരോ വീടിനും അധിക ധനസഹായം നൽകുന്നുണ്ട്. ബാക്കി തുക ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾ 25:40:35 അനുപാതത്തിൽ വകയിരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ നൽകുന്ന അധിക ധനസഹായം പൂർണ്ണമായും നൽകിയിട്ടില്ല. 2012-13 മുതലുള്ള സംസ്ഥാന സർക്കാർ നൽകുവാനുള്ള അധിക ധനസഹായ തുകയിൽ കുടിശ്ശിക വന്നിട്ടുണ്ട്.

ഗ്രാമീണ റോഡ് വികസനം

46 (3012) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമീണ റോഡ് വികസനത്തിൽ ശ്രദ്ധേയമായ പുരോഗതി കൈവരിച്ചിട്ടുണ്ടോ ;

(ബി) വികസനത്തിന് വേണ്ടി പ്രയോജനപ്പെടുത്തിയ കേന്ദ്ര പദ്ധതികൾ വിശദമാക്കാമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ രംഗത്ത് പുരോഗതി കൈവരിക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly